ഉത്തരം

(എ) നെൽകൃഷിക്കാർക്ക് അടിസ്ഥാന സൗകര്യം വർധിപ്പിച്ച്, വിത്ത്, വളം, കീടനാശിനി എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി, യന്ത്രവൽക്കരണം ഏർപ്പെടുത്തി ഉല്പാദനവർധനവ് വഴി കർഷകരെ സഹായിക്കുന്നതിനു വേണ്ടി പദ്ധതി നടപ്പിലാക്കിവരുന്നു. നെൽകൃഷിയുടെ വികസനം ലക്ഷ്യമിട്ടു കൊണ്ട് 11 വികസന ഏജൻസികൾ രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു. ഗുണ മേന്മയുള്ള വിത്തിന്റെ ലഭ്യത ലക്ഷ്യമിട്ടുകൊണ്ട് വിത്തുവികസന അതോറി റ്റിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) ബില്ലായി സഭയിൽ അവതരിപ്പിക്കുവാനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു.

(സി) തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പി ക്കുന്നതിന് വേണ്ടി പ്രത്യേക പദ്ധതികൾ ഒന്നും നിലവിലില്ല.

(ഡി)&(ഇ) ഇല്ല

(എഫ്) സർക്കാർ വിശദമായി റിപ്പോർട്ട് പഠിച്ചുവരുന്നു. അതിനുശേ ഷമേ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുക യുള്ളൂ.

നാഫെഡിന്റെ കൊപ്ര സംഭരണം

(358) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവ കുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) താങ്ങുവില നിശ്ചയിച്ച് നാഫെഡ് കൊപ്ര സംഭരിച്ചിട്ടും കേരള ത്തിൽ നാളികേര ഉൽപ്പന്നങ്ങളുടെ വില കുറഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാ ക്കുമോ;

(ബി) വിപണിയിലെത്തിയ മുന്തിയ ഇനം കൊപ്ര മാത്രമാണ് നാഫെഡ് സംഭരിച്ചിരുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ശേഷിക്കുന്ന ഇനം കൊപ്രകൾ തുച്ഛമായ വിലയ്ക്ക് മില്ലുടമകൾ സഹകരണ സംഘങ്ങളിൽനിന്നു വാങ്ങുന്നതിനിടയായിട്ടുണ്ടോ;

(ഡി) നാളികേരഉൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിന് ഗുണനി ലവാരത്തിന്റെ പേരിലുള്ള തരംതിരിവ് ഒഴിവാക്കി സംഭരണം നടത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും നടപടി സ്വീകരിച്ചി ട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) ഭക്ഷ്യ എണ്ണയുടെ വൻതോതിലുള്ള ഇറക്കുമതി നിയന്ത്രിക്കു ന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയി ട്ടുണ്ടോ; എങ്കിൽ ഏതെല്ലാം രീതിയിൽ എന്ന് വ്യക്തമാക്കുമോ;

(ജി) വെളിച്ചെണ്ണ വില വൻതോതിൽ കുറഞ്ഞിട്ടും സോപ്പിന്റെയോ മറ്റു അനുബന്ധ ഉൽപ്പന്നങ്ങളുടെയോ വില കുറഞ്ഞിട്ടില്ല എന്നത് സർക്കാ രിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഇവയുടെ വില കുറയാത്ത സാഹചര്യത്തിൽ പ്രസ്തുത ഉൽപ്പന്നങ്ങളിൽ ചേർക്കേണ്ട വെളിച്ചെണ്ണയുടെ അളവ് ഉയർത്തി ഗുണനില വാര നിയന്ത്രണം ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സംഭരണ നടപടി യഥാർത്ഥ നാളികേര കർഷകന് പ്രതീക്ഷിച്ചത്ര പ്രയോജനം നൽകിയിട്ടില്ലയെന്ന അഭിപ്രായമുണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുവാൻ ഗവൺമെന്റിന് കഴിയുന്ന നടപടികൾ കൈകൊണ്ടുവരുന്നു.

(ബി) കൊപ്രയുടെ ജലാംശം 6% -ത്തിൽ താഴെ ആയിരിക്കണമെന്ന് നാഫെഡ് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) തരംതിരിച്ചുള്ള സംഭരണം കൊപ്രയുടെ കാര്യത്തിൽ നിലവിലില്ല. കൊപ്രയിലെ ജലാംശത്തിന്റെ ശതമാനം മാത്രമേ പരിശോധിക്കുന്നുള്ളു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഈ ആവശ്യം നിരവധി പ്രാവശ്യം നേരിട്ടും നിവേദനങ്ങളിലൂടെയും കേന്ദ്ര ഗവൺമെന്റിനുമുന്നിൽ ശക്തിയായി ഉന്നയിച്ചിട്ടുണ്ട്.

(ജി)&(എച്ച്) സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ പ്രത്യേക നിയന്ത്രണമൊന്നും ഏർപ്പെടുത്താൻ കഴിയില്ല. ഈ വിവരങ്ങളെല്ലാം കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിൽ വരുന്നതാണ്.

ഗാലസ പദ്ധതി

(359) ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീമതി കെ.കെ. ശൈലജടീച്ചർ :
ശ്രീ. പി. രാഘവൻ :
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് നെൽകൃഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗാലസ' രീതി വ്യാപിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഗാലസ ഏർപ്പെടുത്തണമെന്ന് നിർദ്ദേശിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) 'ഗാലസ'യുടെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ആധുനിക കൊയ്ത്തു യന്ത്രങ്ങൾ ഉൾപ്പെടെ കൃഷി നവീകരിക്കുന്നതിനാവശ്യമായ എന്തൊക്കെ നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) കാർഷിക സർവ്വകലാശാല നടപ്പിലാക്കിയ ഒരു പദ്ധതിയാണിത്. ഈ പദ്ധതിയെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു പ്രത്യേക കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly